⇨ *ഗാന്ധിയുടെ വധം, ഒരു രാഷ്ട്രനേതാവിന്റെ വധമായി ചുരുക്കിക്കാണാൻ കഴിയുന്ന ഒന്നല്ല* ⇨

# നാം കണ്ണാടി നോക്കേണ്ടിയിരിക്കുന്നു

സമൂഹത്തിന്റെ സമസ്ത മേഖലകളിലും സൂക്ഷ്മമായ അഴിച്ചുപണികൾ നടത്തുന്ന ഫാസിസത്തെ നാം തിരിച്ചറിയുന്നുണ്ടോ? നമ്മുടെ പൊതുപ്രവർത്തകരും പ്രതിരോധ പ്രവർത്തനങ്ങളും സമൂഹത്തിൽ ഫാസിസം നടത്തുന്ന അഴിച്ചുപണികളെ വേണ്ടവിധം ഗൗനിക്കുന്നുണ്ടോ?

**സുരേഷ് നാരായണൻ**

**ഇന്ത്യ** വിഭജിക്കപ്പെടുകയും, ഹിന്ദു-മുസ്ലീം ഐക്യം എന്നുള്ള മരീചിക ഒരു ദുരന്തത്തിൽ എത്തിച്ചേരുകയും ചെയ്ത 1948 ൽ തന്നെ ഫാസിസത്തിന്റെ ആദ്യത്തെ പ്രകടനം—അഥവാ ആക്രമണം—നമ്മുടെ രാജ്യത്ത് സംഭവിച്ചിട്ടുണ്ട്. ഫാസിസം അങ്ങിനെയാണ് പ്രത്യക്ഷപ്പെടുക. മുസോളിനിയുടെ ഇറ്റലിയായാലും ഹിറ്റ്ലറുടെ ജർമനിയായാലും ഉണ്ടാകുന്നത്, ആ രാഷ്ട്രങ്ങൾ അവയുടെ ഏറ്റവും വലിയ പ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴാണ്.

ഇന്ത്യ അതിന്റെ ഏറ്റവും വലിയ അരക്ഷിതാവസ്ഥയെ അഭിമുഖീകരിക്കുകയായിരുന്നു 1948-ൽ. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരത്തിൽ തോളോടുതോൾ ചേർന്നു നിന്ന് പിറന്നനാടിന് വേണ്ടി പോരാടിയ ലക്ഷോപലക്ഷം മനുഷ്യരുടെ ജീവിതപരിസരത്തിന് മുകളിലൂടെ പുതിയ ഒരു അതിർത്തി സ്ഥാപിക്കപ്പെട്ടു. അവരുടെ വയലുകളും ഗ്രാമങ്ങളും കീറിമുറിച്ച്, ഒരു ദശലക്ഷത്തിൽ കൂടുതൽ മനുഷ്യരുടെ രക്തം കൊണ്ട് നിർമിക്കപ്പെട്ട ഈ അതിർത്തി, ഒരു കോടിയോളം വരുന്ന മനുഷ്യരുടെ, സമകാലിക ചരിത്രത്തിലെ ഏറ്റവും വലിയ കൂട്ടപലായനത്തിന് സാക്ഷ്യം വഹിച്ചു. സ്വാതന്ത്ര്യം എന്ന സ്വപ്നം മാത്രം കണ്ടിരുന്ന ഇന്ത്യൻ പൊതുബോധം, രാഷ്ട്രം അതിന്റെ കെട്ടുറപ്പിലേക്ക് എത്തുന്നതിനു മുൻപുതന്നെ, 1947 ആഗസ്റ്റിന് ശേഷം, യാഥാർത്ഥ്യത്തിന്റെ വസ്തുതകൾക്ക് മുന്നിൽ പകച്ചുനിന്നു. സുന്ദരമായ സ്വപ്നത്തിൽ നിന്ന് ഉണർന്ന ഒരു മനുഷ്യനെപ്പോലെ, ഒരു രാജ്യത്തിന്റെ പൊതുബോധം വസ്തുതകളുടെ, പരുക്കൻ യാഥാർത്ഥ്യങ്ങളുടെ ലോകത്തേക്ക് എത്തുകയായിരുന്നു. ഇവിടെയാണ് സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഫാസിസ്റ്റ് ശക്തിപ്രകടനം രേഖപ്പെടുത്തപ്പെടുന്നത്. 1948, ജനുവരി 30 ന് ഗാന്ധി വധിക്കപ്പെട്ടു. ഗാന്ധിയുടെ വധം, ഒരു രാഷ്ട്രനേതാവിന്റെ വധമായി ചുരുക്കിക്കാണാൻ കഴിയുന്ന ഒന്നല്ല. ഇന്ത്യയിൽ ശക്തിയാർജ്ജിച്ച് വളരാൻ സാധ്യതയുണ്ടായിരുന്ന ഒരു ദർശനത്തെ, ഒരു രാഷ്ട്രീയ തത്വശാസ്ത്രത്തെയാണ് ഈ ശക്തിപ്രകടനം ഉന്മൂലനം ചെയ്തത്.

ഫാസിസം ഒരു രാഷ്ട്രീയതത്വസംഹിതയാണ്. എല്ലാവരും സമന്മാരല്ല എന്നും അതിജീവനശേഷിയുള്ളവരാണ് നിലനിൽക്കേണ്ടത് എന്നുമുള്ള ആശയം ഡാർവിനിസത്തിൽ നിന്നും കൈക്കൊണ്ട് രൂപപരിണാമം വരുത്തിയതാണ്. ജീവികൾ തുല്യരല്ല എന്നു

➪ *സമൂഹം എന്ന നിലക്കുള്ള ജൈവികമായ പാരസ്പര്യമോ സൗഹാർദമോ ഈ സമൂഹഘടനയിൽ നിലനിൽക്കുന്നില്ല* ➪



ള്ളത്, ജീവികളുടെ അതിജീവനശേഷി ഒരു പോലെയല്ല എന്നുള്ളത്, ഡാർവിനിസത്തിന്റെ ശക്തമായ ആശയാടിത്തറയാണ്. എന്നാൽ ഇത് മനുഷ്യരിൽ പ്രയോഗിക്കുമ്പോൾ, അതിജീവനശക്തി കൂടുതലുള്ളവർ അതിജീവിക്കുമെന്നുള്ള ആശയം പ്രതിലോമകരമാകുന്നു. ഇങ്ങനെ, നിലനിൽക്കുന്ന പല തത്വസംഹിതകളിൽ നിന്നും സ്വാംശീകരിക്കുകയും പ്രതിലോമകരമായി മാറ്റിത്തീർക്കുകയും ചെയ്ത ആശയങ്ങളുടെ സംഹിതയാണ് ഫാസിസം. ഫാസിസം ഒരു നിശബ്ദ തത്വശാസ്ത്രമാണ്. ഒരു തരത്തിലുള്ള സംവാദങ്ങളും അത് അനുവദിക്കുന്നില്ല. അധികാരവും അനുസരണവുമാണ് ഫാസിസത്തിന്റെ രീതികൾ.

അങ്ങിനെയുള്ള ഒരു രാഷ്ട്രീയ തത്വസംഹിതയ്ക്ക് ഗാന്ധിയുടെ തത്വസംഹിതയെ, അത് എത്രകണ്ട് കാല്പനികമായിരുന്നെങ്കിൽ പോലും, ഉന്മൂലനം ചെയ്യാതിരിക്കുക അസാധ്യമായിരുന്നു. രാഷ്ട്രം അതിന്റെ ഏറ്റവും വലിയ പ്രതിസന്ധി അഭിമുഖീകരിക്കു സമയത്ത്, പൊതുബോധം ഏറ്റവും ശിഥിലീകൃതമായ കാലത്ത് തയൊണ് ഫാസിസം അതിന്റെ ശക്തി പ്രകടിപ്പിക്കുക. കൃത്യസമയത്തു തന്നെ, ഇന്ത്യൻ ഫാസിസം ഉണർന്നു പ്രവർത്തിക്കുകയും ഗാന്ധിയെ ഉന്മൂലനം ചെയ്യുകയും ചെയ്തു.

ഹിന്ദു എന്ന ബോധത്തെ ഇന്ത്യൻ പൊതുബോധത്തിലേക്ക് സന്നിവേശിപ്പിക്കുകയും ആ ബോധത്തെ പരിപോഷിപ്പിക്കുകയും വഴി അധികാര സംസ്ഥാപനം നടത്തുക എന്നതായിരുന്നു ഇന്ത്യൻ ഫാസിസ്റ്റുകൾ തെരഞ്ഞെടുത്ത വഴി. എന്നാൽ ഇറ്റലിയിലും ജർമനിയിലും സംഭവിച്ചതുപോലെ, വളരെ പെട്ടെന്ന് പടർന്നുപിടിക്കാനും അധികാരം കയ്യാളാനും മാത്രം ശക്തമല്ലായിരുന്നില്ല ഇന്ത്യൻ ഫാസിസം അന്ന്. ഹിന്ദു സമൂഹം ഒരു മിഥ്യയാണ്, അങ്ങിനെയൊന്ന് നിലനിൽക്കുന്നില്ല എന്നതു തന്നെയായിരുന്നു പ്രധാന കാരണം. ബുദ്ധിസ്റ്റ് ഇന്ത്യയെ ആദിശങ്കരന്റെ നേതൃത്വത്തിൽ നാമാവശേഷമാക്കിയത്, ഹിന്ദു സമൂഹമായിരുന്നില്ല, ബ്രാഹ്മണ്യമായിരുന്നു. ഈ അട്ടിമറിക്കുശേഷം, ബ്രാഹ്മണ്യത്തിന് ബുദ്ധമതത്തിന്റെ തിരിച്ചുവരവ് പലപ്പോഴും ഒരു ഭീഷണിയായി നിലനിന്നിരുന്നു. ഇതിനെ മറികടക്കുന്നതിന്റെ ഭാഗമായാണ് ജാതികളുടേയും ഉപജാതികളുടേതുമായ ഒരു 'വിശാല സമൂഹം' എന്ന ആശയം രൂപം കൊള്ളുന്നത്. അങ്ങിനെ സാങ്കേതികമായി രൂപംകൊണ്ട ഹിന്ദു സമൂഹം, ജാതികളുടേയും ഉപജാതികളുടേയും ഒരു കൂട്ടം മാത്രമാണ്. ഒരു സമൂഹം എന്ന നിലക്കുള്ള ജൈവികമായ പാരസ്പര്യമോ സൗഹാർദ്ദമോ ഈ സമൂഹഘടനയിൽ നിലനിൽക്കുന്നില്ല. ഫാസിസം ഹിന്ദു-മുസ്ലീം ലഹള സംഘടിപ്പിക്കുമ്പോളൊഴികെ, ഈ 'വിശാല സമൂഹ'ത്തിലെ ജാതികൾ വിഘടിച്ചു തന്നെയാണ് നിൽക്കുന്നത്.

പിൽക്കാലത്ത്, വില്യം ജോനെസ് മുതൽ മാക്സ് മുള്ളർ വരെയുള്ള ഓറിയെന്റലിസ്റ്റുകൾ 'ഹിന്ദുസമൂഹം' എന്ന സംജ്ഞ സാന്ദർഭികമായി പുനർനിർവചിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഈ നിർവചനങ്ങൾ, ഇന്ത്യയിലെ ബ്രിട്ടീഷ് കൊളോണിയൽ സ്റ്റേറ്റിന്റെ നിർമിതിയിൽ വളരെ പ്രകടമായിരുന്നതായി കാണാം. 1947ൽ 'സ്വതന്ത്ര ഇന്ത്യ'യുടെ നിർമിതിയിലും ഈ സാമൂഹ്യ നിർവചനങ്ങളുടെ സാന്നിദ്ധ്യം ഇഴചേർന്നിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. എന്നിട്ടും, ജാതികളും ഉപജാതികളുമായി ആയിരക്കണക്കിന് വരുന്ന ചെറുസംഘങ്ങളെ ഹിന്ദു എന്ന മേൽവിലാസത്തിലേക്കടുപ്പിക്കാൻ, അവിടെ ഒന്നിച്ചു നിർത്താൻ, ഇന്ത്യൻ ഫാസിസം പണിപ്പെടുകയാണിപ്പോഴും.

അതേസമയം, ഇന്ത്യൻ പൊതുബോധത്തിൽ ഒരു ശത്രുവിനെ സൃഷ്ടിക്കുന്നതിൽ അത് വിജയിക്കുക തന്നെ ചെയ്തു. പാകിസ്ഥാൻ എന്ന രാജ്യത്തെ, ഇന്ത്യൻ പൊതു

➪ *ഉദാഹരണത്തിന് 1960കളുടെ തുടക്കത്തിൽ നടന്ന ഒരു സംഭവം പരിശോധിക്കാം* ➪

ബോധം ശത്രുസ്ഥാനത്ത് നിർത്തി. ബ്രിട്ടീഷ് കൊളോണിയലിസം അവശേഷിപ്പിച്ച, ക്രിക്കറ്റായിരുന്നു ഈ ശത്രുവിന്റെ സാന്നിദ്ധ്യം ഊട്ടിയുറപ്പിക്കുവാൻ ഇന്ത്യൻ ഫാസിസം തെരഞ്ഞെടുത്ത വഴി. വിഭജനത്തിന് ശേഷം അധികം വൈകാതെ തന്നെ, 1952 ഒക്ടോബർ മാസത്തിൽ, ഒരു ഇന്ത്യ-പാകിസ്ഥാൻ ക്രിക്കറ്റ് മത്സരം നടത്താനും അതിൽ ഇന്ത്യൻ ടീം ജയിക്കാനും അതുവഴി, രാഷ്ട്രത്തിന്റെ ശത്രുവിനെ കളിയിലും തോല്പിക്കണമെന്ന വൈകാരികത സൃഷ്ടിച്ചെടുക്കാനും ഫാസിസത്തിനായി. മാത്രവുമല്ല, തുടർന്ന് ഓരോ വർഷവും ആ വൈരം ഊട്ടിയുറപ്പിക്കുവാൻ, ക്രിക്കറ്റ് എന്ന കൊളോണിയൽ കളി ഇന്ത്യൻ ഫാസിസത്തെ സഹായിച്ചു. കൂടാതെ, വിഭജനത്തിൽ അവശേഷിച്ച, ഇപ്പോഴും ചറമൊലിക്കുന്ന ഒരു വ്രണമായി കാശ്മീർ നിലനിർത്താനും, ഇടയ്ക്കിടെ, ആവശ്യാനുസരണം ഉപയോഗിക്കാനും ഫാസിസത്തിന് കഴിഞ്ഞു. അങ്ങനെ, ഒരു സമൂഹത്തെ ഫാസിസ്റ്റ് സമൂഹത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന്റെ ആദ്യപടി—സമൂഹത്തിന്റെ പൊതുശത്രുവിനെ സൃഷ്ടിക്കൽ—എന്നത് ആയാസരഹിതമായി നടപ്പിലായി.

കൂടാതെ, പൊതുബോധത്തിന്റെ ചില കോണുകളിലെങ്കിലും, ഫാസിസത്തിന്റെ വിത്ത് വിതയ്ക്കാൻ ഈ മുന്നേറ്റങ്ങൾക്ക് അന്നേ കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ബാല്യകാലത്തു തന്നെ പലപ്പോഴും ഫാസിസ്റ്റ് സ്വഭാവങ്ങൾ പ്രകടിപ്പിക്കാൻ ഭരണകൂടവും, അവ സ്വീകരിക്കാൻ പൊതുബോധവും തയ്യാറായിട്ടുണ്ട്. ഉദാഹരണത്തിന് 1960കളുടെ തുടക്കത്തിൽ നടന്ന ഒരു സംഭവം പരിശോധിക്കാം. ഇന്ത്യ ഭക്ഷ്യക്ഷാമത്തെക്കുറിച്ച് വേവലാതിപ്പെടുന്ന കാലം. ഗാന്ധിയുടെ പിൻമുറക്കാരായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഭരണത്തിലാണ് മഹാരാഷ്ട്ര സംസ്ഥാനം. ഇന്ത്യയിലാദ്യമായി ഭക്ഷ്യക്ഷാമം എന്നേക്കുമായി തുടച്ചുനീക്കിയ സംസ്ഥാനമാണ് മഹാരാഷ്ട്ര. എങ്ങിനെയാണ് എന്നത് ഒരേ സമയം രസകരവും അതിനേക്കാൾ ഭീതിതവുമാണ്. എ.ആർ. ആന്തുലെ ആണ് മഹാരാഷ്ട്രയുടെ അന്നത്തെ നിയമകാര്യ മന്ത്രി. മഹാരാഷ്ട്ര നിയമസഭ 1963 നവംബർ 11 ന് ഒരു പുതിയ നിയമം പാസാക്കി. ഭക്ഷ്യക്ഷാമം എന്ന വാക്ക് ഭരണപരമായ രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്നും ആ വാക്ക് ഇനി മുതൽ ഉപയോഗിക്കരുത് എന്നുമാണ് ആ നിയമത്തിന്റെ ഉള്ളടക്കം. The Maharashtra Deletion Of The Term "Famine" (From Laws Applicable To The State) Act, 1963 എന്നു പേരിട്ട ഈ നിയമമായിരിക്കണം സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഫാസിസ്റ്റ് നിയമം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇത്തരത്തിലുള്ള ഒരുപാട് ഫാസിസ്റ്റ് നിയമനിർമാണങ്ങൾ നടന്നിട്ടുണ്ട്. ജനാധിപത്യത്തിൽ എങ്ങിനെയാണ് ഫാസിസ്റ്റ് രീതികൾ കടന്നു കയറുന്നത് എന്ന സന്ദേഹത്തിന് ഇവിടെ പ്രസക്തിയുണ്ട്. ഇന്ത്യൻ ജനാധിപത്യം അഥവാ ലിബറൽ ഡെമോക്രസി കെട്ടിപ്പടുത്തിരിക്കുന്നത്, ഗാന്ധിയുടെയും നെഹ്റുവിന്റെയും പരസ്പരവിരുദ്ധമായ തത്വശാസ്ത്രങ്ങളുടെ അടിത്തറയിലാണ്. നേരത്തെ സൂചിപ്പിച്ച, ഓറിയന്റലിസ്റ്റുകളുടെ ഹിന്ദു സമൂഹനിർവചനങ്ങൾ അംബേദ്കറുടെ ദർശനങ്ങളെ ഈ നിർമിതിയിൽ നിന്നും സാങ്കേതികമായി മാറ്റിനിർത്താനും സഹായിച്ചിട്ടുണ്ട്. ഇങ്ങനെ, നിർമിതിയിൽ തന്നെ ബലഹീനമായ ഒന്നായി വേണം ഇന്ത്യൻ ജനാധിപത്യത്തെ കാണാൻ. ഗാന്ധിയൻ ദർശനങ്ങൾക്ക് വിരുദ്ധമായ യൂറോപ്യൻ മോഡൽ വികസനത്തിലേക്കാണ് നെഹ്റു ഇന്ത്യയെ നയിക്കാൻ ശ്രമിച്ചത്. ഗാന്ധിയൻ ആദർശങ്ങൾ ഉയർത്തിപ്പിടിക്കുന്നു എന്ന് പുസ്തകങ്ങളിലൂടെയും, ധരിക്കുന്ന ഖാദി വസ്ത്രങ്ങളിലൂടെയും, കാര്യാലയങ്ങളുടെ ചുമരിൽ പ്രദർശിപ്പിച്ച ഗാന്ധി ചിത്രങ്ങളിലൂടെയും ധ്വനിപ്പിക്കുകയും, മൂലധനകേന്ദ്രീകൃതമായ വികസന മാതൃകകളെ പ്രായോഗികമായി സ്വീകരിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ് ഇന്ത്യൻ ജനാധിപത്യത്തിൽ ഉടനീളമുള്ളത്. ഇതിലേക്ക് കയറിക്കൂടാൻ ഫാസിസത്തിന് വളരെയെളുപ്പമാണ്.

1970കളുടെ തുടക്കത്തിൽ ബംഗ്ലാദേശ് യുദ്ധത്തിന്റെ പരിണിതഫലങ്ങൾ അനുഭവിക്കുകയായിരുന്നു ഇന്ത്യ. യുദ്ധച്ചെലവുകൾ ഖജനാവ് ഏതാണ്ട് കാലിയാക്കി കഴിഞ്ഞിരുന്നു. രാജ്യത്ത് ഭക്ഷ്യക്ഷാമം തലനീട്ടിത്തുടങ്ങി. നഗരങ്ങളിലും ഗ്രാമങ്ങളിലും സാമ്പത്തിക അസന്തുലിതാവസ്ഥ പെരുകിത്തുടങ്ങിയിരുന്നു. തുടർച്ചയായി രണ്ടുവർഷം മഴയുടെ ലഭ്യതയിൽ വലിയ കുറവുണ്ടാകുകയും ചെയ്തതോടെ, രാജ്യത്ത് ഭക്ഷ്യപ്രതിസന്ധി രൂക്ഷമായി. ഇതേ കാലത്തുതന്നെ, 1973ൽ ലോകത്തെ എക്കാലത്തേയും വലിയ എണ്ണവില വർദ്ധനയും ഉണ്ടായി. അസംസ്കൃത എണ്ണയുടെ വില അന്താരാഷ്ട്ര വിപണിയിൽ ഒറ്റയടിക്ക് നാലുമടങ്ങാണ് വർദ്ധിച്ചത്. ഇത് ഇന്ത്യയുടെ ജനജീവിതത്തെ സാരമായി ബാധിച്ചു. ഒരു വർഷത്തിനുള്ളിൽ 22 ശതമാനം വിലവർദ്ധനയാണ് ഉണ്ടായത്. ഈ

അവസ്ഥകളെ കൈകാര്യം ചെയ്യുന്നതിൽ ഭരണസംവിധാനം ദയനീയമായി പരാജയപ്പെട്ടു. അതേസമയത്ത്, 1974 മേയ് 18 ന് ഇന്ത്യയുടെ ആറ്റമിക് എനർജി കമ്മീഷൻ രാജസ്ഥാനിലെ പൊക്റാനിലുള്ള ഭൂഗർഭ നിലയത്തിൽ ആണവ സ്ഫോടനം നടത്തി ഭരണകൂടത്തിന്റെ ശക്തിപ്രകടനം നടത്തുകയുമുണ്ടായി.

ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ശൈഥില്യത്തിലേക്കാണ് സ്വതന്ത്ര ഇന്ത്യയുടെ രണ്ടാമത്തെ വലിയ ഫാസിസ്റ്റ് പ്രകടനം ഉണ്ടാകുന്നത്. ഇന്ത്യൻ ജനാധിപത്യത്തിൽ ഒളിഞ്ഞിരിക്കുന്ന ഫാസിസം മറനീക്കി പുറത്തുവന്നു. 1975 ജൂൺ 25-ാം തിയതി മുതൽ 1977 മാർച്ച് 21 വരെ നീണ്ടുനിന്ന ഇരുപത്തിയൊന്നു മാസക്കാലം ഇന്ത്യ പ്രകടമായ ഫാസിസ്റ്റ് ഭരണത്തിൻ കീഴിലായി എന്നാണ് അടിയന്തരാവസ്ഥയുടെ ചരിത്രം നമുക്ക് മനസ്സിലാക്കി തരുന്നത്. ഈ ഫാസിസ്റ്റ് പ്രകടനം, പൊതുവേ ഇന്ത്യൻ ഫാസിസ്റ്റുകൾ എന്ന് അറിയപ്പെടുന്ന ഹിന്ദു മതതീവ്രവാദികളിൽ നിന്നല്ല ഉണ്ടായത്, പകരം ഗാന്ധിയൻ തത്വസംഹിതകളുടെ പ്രയോക്താക്കൾ എന്ന് പുകഴ്പെറ്റ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നാണെന്നത് ഇന്ത്യയുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ 1970കളിൽ തന്നെ, എത്രമാത്രം ഫാസിസ്റ്റുവൽകൃതമായിരുന്നു എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതായത് ഏതാണ്ട് ഇരുപത്തഞ്ചു വർഷം കൊണ്ട് സ്വതന്ത്ര ഇന്ത്യയിലെ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേക്ക് കടന്നുകയറാനും വ്യക്തമായ സ്വാധീനമുറപ്പിക്കാനും ഇന്ത്യൻ ഫാസിസത്തിന് കഴിഞ്ഞു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ശൈഥില്യം, ക്രമത്തിന് വേണ്ടിയുള്ള, വ്യവസ്ഥകൾക്കുള്ള ആഗ്രഹം സൃഷ്ടിക്കും. അതുകൊണ്ടാണ്, അടിയന്തിരാവസ്ഥക്കാലത്ത് ജീവനക്കാർ കൃത്യസമയത്ത് ഓഫീസിലെത്തുന്നതും, ട്രെയിനുകൾ കൃത്യമായി ഓടുന്നതും അടിയന്തിരാവസ്ഥയുടെ ഗുണഫലങ്ങളായി ഇന്ത്യൻ പൊതുബോധം സ്വീകരിച്ചത്. ജനസ്വാധീനമുള്ള പല പത്രമാധ്യമങ്ങളും ബുദ്ധിജീവികളും അക്കാലത്ത് ഈ ധാരണകളെ ശക്തിപ്പെടുത്താൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ക്രമത്തിന് വേണ്ടിയുള്ള, ഈ ആഗ്രഹ സാഫല്യത്തിന്റെ സാധ്യത ഒരു ടോട്ടാലിറ്റേറിയൻ അധികാരവ്യവസ്ഥയിൽ കണ്ടെത്തുകയായിരുന്നു നമ്മുടെ പൊതുബോധം. സംവാദത്തേക്കാൾ അനുസരണയാണ് കരണീയം എന്ന ഫാസിസ്റ്റ് തത്വം നമ്മുടെ പൊതുബോധത്തിലാകെ പടരാൻ തുടങ്ങി. ഇങ്ങനെ, 1920കൾ മുതൽ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച ഫാസിസം ഇന്ത്യൻ പൊതുബോധത്തെ ക്രമേണ ആവേശിച്ചുകൊണ്ടിരുന്നു. സ്വതന്ത്ര ഇന്ത്യ ഫാസിസ്റ്റ് ഇന്ത്യ കൂടിയാണ് എന്ന് വെളിപ്പെടുകയായിരുന്നു.

1922 ൽ ഇറ്റലിയുടെ പ്രധാനമന്ത്രി ആയതിനുശേഷമുള്ള ആദ്യത്തെ പൊതുപ്രഭാഷണത്തിൽ മുസോളിനി ഫാസിസത്തെക്കുറിച്ച് പറയുന്നത് ഇങ്ങിനെയാണ്. 'ഫാസിസത്തിന് കോർപറേറ്റിസം എന്ന പേരാണ് കൂടുതൽ ചേരുക. എന്തുകൊണ്ടെന്നാൽ അത് ഭരണകൂടാധികാരത്തിന്റെയും കോർപറേറ്റ് അധികാരത്തിന്റെയും സങ്കലനമാണ്.'

ഫാസിസം എന്നത്, വർഗീയമോ വംശീയമോ ആയ വെറുപ്പിൽ നിന്ന്, അത്തരം വിദ്വേഷങ്ങളിൽ നിന്ന് ഉടലെടുക്കുന്നതോ അവയെ പ്രതിനിധീകരിക്കുന്നതോ ആണ് എന്ന ഒരു പൊതുധാരണ രൂപപ്പെട്ടിട്ടുണ്ട്. ഫാസിസം ഏറ്റവും എളുപ്പത്തിൽ വേരുപിടിക്കുക വർഗീയവും വംശീയവുമായ വിദ്വേഷങ്ങളുടെ മണ്ണിലാണ് എന്നതുകൊണ്ട്, ലോകത്ത് ഉണ്ടായിട്ടുള്ള എല്ലാ പ്രഖ്യാപിത ഫാസിസ്റ്റ് ഭരണകൂടങ്ങളും സ്ഥാപിക്കപ്പെട്ടത് അത്തരം വിദ്വേഷങ്ങളെ വളർത്തിക്കൊണ്ടാണ് എന്നത് ശരിയുമാണ്. പക്ഷേ ഫാസിസത്തിന്റെ പിതാവായ മുസോളിനിയുടെ, മേൽ സൂചിപ്പിച്ച വാക്കുകൾ വ്യക്തമാക്കുന്നത്, മൂലധനാധിഷ്ഠിതമായ അധികാരം തന്നെയാണ് ഫാസിസത്തിന്റെ കാതൽ എന്നാണ്. സാമ്പത്തികമായ ഒരു ടോട്ടാലിറ്റേറിയൻ അധികാര വ്യവസ്ഥിതിയെ തന്നെയാണ് ഫാസിസം അർത്ഥമാക്കുന്നത്.

ഇറ്റാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ട മുസോളിനിയെ, എം. ഐ. 5 എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന

1922 ൽ ഇറ്റലിയുടെ പ്രധാനമന്ത്രി ആയതിനു ശേഷമുള്ള ആദ്യത്തെ പൊതുപ്രഭാഷണത്തിൽ മുസോളിനി ഫാസിസത്തെക്കുറിച്ച് പറയുന്നത് ഇങ്ങിനെയാണ്. 'ഫാസിസത്തിന് കോർപറേറ്റിസം എന്ന പേരാണ് കൂടുതൽ ചേരുക. എന്തുകൊണ്ടെന്നാൽ അത് ഭരണകൂടാധികാരത്തിന്റെയും കോർപറേറ്റ് അധികാരത്തിന്റെയും സങ്കലനമാണ്.'

ബ്രിട്ടീഷ് മിലിറ്ററി ഇന്റലിജൻസ് വിഭാഗം ഇറ്റലിയിലെ യുദ്ധവിരുദ്ധരെ എതിർക്കാനും, യുദ്ധാനുകൂല ആശയങ്ങളുടെ പ്രചരണത്തിനും വേണ്ടി ആഴ്ചയിൽ 6000 പൗണ്ട് (അക്കാലത്തെ 100 പൗണ്ട്) ശമ്പളത്തിന് നിയമിക്കുകയായിരുന്നു. 1917ൽ. 1916 മുതൽ 1918 വരെ ബ്രിട്ടീഷ് മിലിറ്ററി ഇന്റലിജൻസ് വിഭാഗത്തിൽ ഉന്നത സ്ഥാനങ്ങളിൽ സേവനമനുഷ്ടിച്ച, പിന്നീട് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ എയർ, ഫോറിൻ സെക്രട്ടറി തുടങ്ങി ഒട്ടേറെ ഉന്നതസ്ഥാനങ്ങളിൽ പ്രവർത്തിച്ച സർ സാമുവൽ ഹോരെ വെളിപ്പെടുത്തിയിട്ടുള്ളതാണ് ഇക്കാര്യം. ഇങ്ങനെ നിയമിക്കപ്പെട്ടതിന് ശേഷം രണ്ടുവർഷത്തിനകം തന്നെ ഇറ്റാലിയൻ ഫാസിസ്റ്റ് പാർട്ടിയുടെ രൂപീകരണം നടന്നു എന്നത് വെറുമൊരു യാദൃശ്ചിക സംഭവമായി കാണാൻ കഴിയില്ല. ഇത്, ഇറ്റാലിയൻ ഫാസിസം എന്നത് മുസോളിനിയുടെ മാത്രം സൃഷ്ടിയാകാനിടയില്ലെന്നും ആഗോള മൂലധന താത്പര്യങ്ങൾ ഫാസിസത്തിന്റെ നിർമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നുമുള്ള സൂചനകളാണ് നൽകുന്നത്.

1977ൽ അടിയന്തിരാവസ്ഥ പിൻവലിക്കപ്പെടുമ്പോൾ ഇന്ത്യയുടെ രാഷ്ടീയ ശൈഥില്യം അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ എതിർത്തിരുന്ന രാഷ്ട്രീയ സംഘടനകളുടെ ഒരു കൂട്ടായ്മയായി ജനതാ പാർട്ടി രൂപീകരിക്കപ്പെട്ടു. 1951ൽ രൂപീകരിക്കപ്പെട്ട, ആർ.എസ്.എസിന്റെ പാർലിമെന്ററി പാർട്ടിയായ ഭാരതീയ ജനസംഘ് ആയിരുന്നു ഗാന്ധിയൻ സോഷ്യലിസ്റ്റ് ആദർശങ്ങളെ മുൻനിറുത്തി പ്രവർത്തിക്കുന്നു എന്നവകാശപ്പെട്ടിരുന്ന ജനതാ പാർട്ടിയുടെ പ്രധാനഘടകങ്ങളിലൊന്ന് എന്നത് ഇന്ത്യൻ സോഷ്യലിസ്റ്റുകളുടെ ഫാസിസ്റ്റ്വത്കരണത്തിന്റെ തെളിവായി തന്നെ കാണാൻ സാധിക്കും. വളരെ പെട്ടന്നുതന്നെ, സോഷ്യലിസ്റ്റുകളുടെ ശക്തിയിലും എണ്ണത്തിലും ഗണ്യമായ കുറവുണ്ടാകുകയും 1980ൽ, ജനതാ പാർട്ടിയുടെ വലിയ ഒരു വിഭാഗം ഭാരതീയ ജനതാ പാർട്ടി രൂപീകരിക്കുകയും ആർ.എസ്.എസിന്റെ ഫാസിസ്റ്റ് കുടക്കീഴിൽ അണിചേരുകയുമാണുണ്ടായത്. പിന്നീട് വർഷങ്ങൾക്ക് ശേഷം 2013 ആഗസ്റ്റ് 11 ന്, അവശേഷിച്ച ജനതാ പാർട്ടി ബി.ജെ.പി യിൽ ചേരുകയാണ് ഉണ്ടായത്. ഇന്ത്യയിലെ സോഷ്യലിസ്റ്റ് മൂവ്മെന്റ് മുഴുവനായും ഫാസിസ്റ്റുവത്കരിക്കപ്പെട്ടു എന്നാണ് ഇത് നൽകുന്ന സൂചന.

നേരത്തെ സൂചിപ്പിച്ചപോലെ, ഫാസിസം ഏറ്റവും എളുപ്പത്തിൽ വേരുപിടിക്കുന്നത് വർഗീയവും വംശീയവുമായ വിദ്വേഷങ്ങളുടെ മണ്ണിലാണ് എന്ന് അടിയന്തിരാവസ്ഥയ്ക്ക് ശേഷം ഇന്ത്യ തെളിയിച്ചു. 1980കളിൽ ഇന്ത്യയിലെമ്പാടും, അപൂർവം ചില സംസ്ഥാനങ്ങളിലൊഴികെ, ഹിന്ദു-മുസ്ലിം വർഗീയതയ്ക്ക് തീകൊളുത്താൻ ഫാസിസത്തിന് കഴിഞ്ഞു. 1980ലെ മൊറാദാബാദ് കലാപം മുതൽ 1989ലെ ബഗൽപൂർ കലാപം വരെ മാത്രം പതിനായിരത്തോളം മനുഷ്യർ കൊല്ലപ്പെടുകയും ലക്ഷക്കണക്കിനാളുകൾ പലായനം ചെയ്യുകയുമുണ്ടായി. 1980കളുടെ പകുതിയോടെ തന്നെ, ഈ കലാപങ്ങളുടെ ഭൂമികയിലേക്ക് വളരെ ശ്രദ്ധാപൂർവം രാമജന്മഭൂമി എന്ന ആശയം പ്രതിഷ്ഠിക്കാനും പരിപോഷിപ്പിച്ചെടുക്കാനും ഇന്ത്യൻ ഫാസിസത്തിനായി.

1859ൽ, ബ്രിട്ടീഷ് ഇന്ത്യയുടെ ഭരണകൂടം ബാബ്റി മസ്ജിദിന് ചുറ്റും ഒരു വേലി കെട്ടുകയും, കിഴക്കേ ഗേറ്റിലൂടെ ഹിന്ദുക്കളും വടക്കേ ഗേറ്റുവഴി മുസ്ലീങ്ങളും അകത്തേക്ക് പ്രവേശിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇങ്ങനെ തൊണ്ണൂറു വർഷക്കാലം ബാബറി മസ്ജിദ് പ്രശ്നം ഒരു കനലായി സൂക്ഷിക്കാനും ആവശ്യത്തിന് ആളിക്കത്തിക്കാനും ബ്രിട്ടീഷ് ഭരണകൂടത്തിനായി. പിന്നീട്, ഇന്ത്യാ-പാക് വിഭജനത്തിനും ഗാന്ധി വധത്തിനും ശേഷം, 1949 ഡിസംബറിൽ രാമൻ, സീത, ലക്ഷ്മണൻ തുടങ്ങിയ ഹിന്ദു ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ ഈ കെട്ടിടത്തിനകത്തുനിന്ന് കണ്ടെത്തിയതിനെ തുടർന്ന് വർഗ്ഗീയ സംഘർഷത്തിന്റെ സാധ്യത നിലനിന്നിരുന്നു. എന്നാൽ അന്നത്തെ നെഹ്റു ഗവമെന്റ് ഉടൻ തന്നെ ഈ പരിസരം തർക്കഭൂമിയായി പ്രഖ്യാപിക്കുകയും ഗേറ്റുകൾ പൂട്ടിയിടുകയും ചെയ്തു. നാല്പതു വർഷം ഈ ഗേറ്റുകൾ അടഞ്ഞുകിടന്നു. 1989ൽ രാജീവ് ഗാന്ധി സർക്കാർ ഈ ഗേറ്റുകൾ വീണ്ടും തുറന്നുകൊടുത്തു. അങ്ങനെ, 80കളുടെ തുടക്കം മുതൽ ഇന്ത്യൻ ഫാസിസം കെട്ടിപ്പടുത്തുകൊണ്ടുവന്ന വർഗീയ കലാപങ്ങൾക്ക് പാരമ്യത്തിലെത്താനുള്ള വഴിയൊരുക്കിക്കൊടുക്കുന്നതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസും തങ്ങളുടേതായ പങ്ക് വഹിച്ചു.

ഈ കലാപ പരമ്പരകൊണ്ട് ആർക്ക് എന്തുഗുണമാണ് ഉണ്ടായതെന്ന് പരിശോധിക്കേണ്ടതാണ്. 1984ലെ പൊതു തെരഞ്ഞെടുപ്പിൽ രണ്ട് സീറ്റ് മാത്രം ലഭിച്ച ബി.ജെ.പി. 1996ലെ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ പാർലിമെന്റിലെ ഏറ്റവും വലിയ രാഷ്ട്രീയ കക്ഷിയായി. ഹിന്ദു ദേശീയത ഇന്ത്യൻ പൊതു

ബോധത്തിൽ ആഴത്തിൽ രേഖപ്പെടുത്തപ്പെട്ടു. മറുവശത്ത് ഇന്ത്യയുടെ സാമ്പത്തിക നയങ്ങളിൽ പ്രധാനപ്പെട്ട മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ദശാബ്ദം കൂടെയായിരുന്നു എൺപതുകൾ. മുതലാളിത്തത്തിന് അനുസരണമായ രീതിയിൽ സാമ്പത്തിക നയങ്ങളെ പരിഷ്കരിച്ചതിന്റെ ഫലമാണ് എൺപതുകളിൽ ഇന്ത്യ സാക്ഷ്യം വഹിച്ച ഓഹരി വിപണിയുടെ പൊടുന്നനെയുള്ള വളർച്ച. ഈ പരിഷ്കാരങ്ങളുടെ ഫലം തന്നെയാണ് റിലയൻസ് എന്ന ആഗോള ഭീമന്റെ ഉദയവും. പിന്നീട് ദശാബ്ദത്തിന്റെ ഒടുവിൽ ഹർഷദ് മേഹ്ത പോലുള്ള ഓഹരി കുംഭകോണക്കാരുടെ പിടിയിലേക്ക് ഓഹരി വ്യാപാരം താത്കാലികമായി ഒതുങ്ങിയെങ്കിലും വരാനിരിക്കുന്ന സാമ്പത്തിക ആഗോളീകരണത്തിനെ സ്വീകരിക്കാനുതകുന്ന രീതിയിൽ ഇന്ത്യയെ സജ്ജമാക്കുകയായിരുന്നു ഇന്ത്യൻ ഭരണകൂടം.

ഫാസിസം വിതറിയിട്ട വർഗീയ കലാപങ്ങളുടെ വിത്തുകൾ തഴച്ചുവളരുന്നതിനിടയിലേക്ക് രാമജന്മഭൂമി എന്ന പ്രതിലോമകരമായ ആശയത്തെ വേരുപിടിപ്പിച്ച അതേ കാലത്തു തന്നെയാണ്, കൃത്യമായി പറഞ്ഞാൽ 1986ൽ തന്നെയാണ്, ഇന്ത്യയെ സാമ്പത്തികാടിമത്തത്തിലേക്ക് നയിച്ച, സാമ്പത്തിക ഉദാരവത്കരണത്തിലേക്ക് നയിച്ച ഉറൂഗ്വേ റൗണ്ട് നടക്കുന്നത്. ഇന്ത്യ ആഗോളീകരണ, സാമ്പത്തിക ഉദാരവത്കരണ നടപടികൾക്ക് തുടക്കം കുറിച്ച 1992ൽ തന്നെയാണ് ലക്ഷക്കണക്കിന് കർസേവകരെ അണിനിരത്തി ബാബറിമസ്ജിദ് പൊളിച്ചുകളയാൻ ഇന്ത്യൻ ഫാസിസത്തിന് കഴിഞ്ഞത്. ഉദാരവത്കൃത സാമ്പത്തികനയങ്ങൾ, അതിന്റെ സത്തയിൽ, ഭീമമായ മൂലധനത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായി, സാധാരണക്കാരുടെ ജീവനോപാധികളുടെ മേലുള്ള സാർവത്രികമായ ആക്രമണമാണ്. അങ്ങനെ ബൃഹത്തായ ഒരാക്രമണ പദ്ധതി രാജ്യവ്യാപകമായി അനിവാര്യമായ പ്രക്ഷോഭങ്ങളിൽ കലാശിക്കുമെന്ന് ആഗോളമൂലധന ശക്തികൾക്ക് തിരിച്ചറിവുണ്ട്. ഇത്തരം പ്രക്ഷോഭങ്ങൾക്കുള്ള സാധ്യതകളെ സമയാസമയങ്ങളിൽ വഴിതിരിച്ചു വിടേണ്ടത്, അതുകൊണ്ട് തന്നെ, മൂലധനശക്തികളുടേയും ഇന്ത്യൻ ഭരണകൂടത്തിന്റെയും ആവശ്യമാണ്. ഇതിന് ഏറ്റവും യോജിച്ച മാരകായുധമാണ് ഹിന്ദുത്വം.

ഇന്ത്യയുടെ സാമ്പത്തിക ഉദാരീകരണത്തിനും ഗാട്ട്-ഡബ്ലിയു.ടി.ഒ കരാറിൽ ഒപ്പുവയ്ക്കുന്നതിനും എതിരായി രാജ്യവ്യാപകമായി നടന്നിരുന്ന പ്രതിഷേധങ്ങളെ അപ്രസക്തമാക്കുകയാണ്, അല്ലെങ്കിൽ അവയുടെ ഏകോപനമുണ്ടാകുന്നതിനെ തടയുകയാണ് ബാബറി മസ്ജിദ് പൊളിക്കലും തുടർന്നുണ്ടായ വർഗീയ കലാപങ്ങളും ചെയ്തത്. 1980കൾ മുതൽ തന്നെ ആഗോള മൂലധനവും ഇന്ത്യൻ ഫാസിസവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ തുടങ്ങിയിട്ടുണ്ടെന്നതിന് മേൽ വിവരിച്ച സംഭവപരമ്പരകൾ സൂചന തരുന്നുണ്ട്. രാമജന്മഭൂമി കലാപങ്ങളിലൂടെ സ്വാഭാവികമായും ഉയർന്നു വന്ന മുസ്ലീം പ്രതിരോധത്തെ, മതതീവ്രവാദമായി വിലയിരുത്താനും, അങ്ങിനെതന്നെ വളർത്തിയെടുക്കാനും അന്താരാഷ്ട്ര മാധ്യമങ്ങൾക്കൊപ്പം ഇന്ത്യൻ മാധ്യമങ്ങളും ഫാസിസത്തെ സഹായിച്ചിരിക്കുന്നത് കാണാം. എണ്ണക്ക് വേണ്ടിയുള്ള കോർപറേറ്റ് മത്സരങ്ങളിലും ആയുധ-യുദ്ധക്കച്ചവടങ്ങളിലും ഇസ്ലാമിക തീവ്രവാദം ഒരു ബലിയാടാണെന്ന് ആധുനിക ലോകചരിത്രം നമ്മെ മനസ്സിലാക്കി തരുന്നുണ്ട്. ഇത് ഇന്ത്യയിലെ ഫാസിസത്തിന്റെ മറ്റൊരു ഘട്ടമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇന്ത്യൻ വർഗീയ ഫാസിസവും ആഗോള സാമ്പത്തിക ഫാസിസവും തമ്മിൽ ലയിക്കുന്നത് ഈ ഘട്ടത്തിലാണ്. രാജ്യത്തിനെ, കോർപറേറ്റ് സാമ്പത്തിക ശക്തികളുടെ താത്പര്യങ്ങൾക്കനുസൃതമായി പരുവപ്പെടുത്തുകയായിരുന്നു ഇന്ത്യൻ ഫാസിസത്തിന്റെ പ്രാഥമിക ദൗത്യം.

1990കളിൽ അദ്വാനിയുടെ രഥയാത്രയ്ക്കൊപ്പം, ഒരുപക്ഷെ അതിനേക്കാൾ വേഗത്തിൽ ക്യാപിറ്റലിസത്തിന്റെ അശ്വമേധവും ഇന്ത്യയിൽ വിജയപ്രദമായി. ആധുനിക ക്യാപിറ്റലിസം പ്രവർത്തിക്കുന്നത്, കോർപറേഷനുകളും സ്വകാര്യവത്കരണവുമടങ്ങിയ പഴയ വൃത്തത്തിനകത്തല്ല എന്ന് നമുക്കറിയാം. ഉദാരവത്കൃത ഇന്ത്യയിൽ, അന്താരാഷ്ട്ര മൂലധനത്തിന് ഇന്ത്യയുടെ വാതായനങ്ങൾ തുറുകൊടുത്ത 90കളുടെ ആദ്യപാദത്തിൽ, വലിയ കോർപറേഷനുകളുടെ താത്പര്യത്തിനനുസരിച്ച് ഉള്ള ഒരു വിപണിയോ, അതിന് സാധ്യതയുള്ള സാമൂഹ്യാവസ്ഥയോ അല്ലായിരുന്നു ഉണ്ടായിരുന്നത്. ഇത് ഇന്ത്യയിലെ മാത്രം അവസ്ഥയല്ലായിരുന്നു. ഉറൂഗ്വേ റൗണ്ടിന്റെ ഫലമായി സാമ്പത്തിക വാതായനങ്ങൾ തുറന്നിട്ട എല്ലാ മൂന്നാംലോക രാഷ്ട്രങ്ങളിലും ഇതുതന്നെയായിരുന്നു അവസ്ഥ.

ഇത് പരിഹരിക്കുക എന്നത്, തങ്ങൾക്കനുകൂലമായ ഒരു സാമൂഹ്യ പരിതസ്ഥിതി സൃഷ്ടിച്ചെടുക്കുക എന്നത്, ഏകമുഖമായ ഒരു പ്രവർത്തന പദ്ധതി ആയിരുന്നില്ല. ഈ സാമൂഹ്യ പരിവർത്തനത്തിന്റെ പല ധാരക



കടപ്പാട്: സുരേന്ദ്ര, ദ ഹിന്ദു

ളിൽ ഏറ്റവും പ്രധാനപ്പെട്ടത്, സാമൂഹ്യബന്ധങ്ങളിൽ മാറ്റം വരുത്തുക എന്നതായിരുന്നു. സമൂഹത്തിന്റെ താത്പര്യങ്ങൾക്കനുസരണമായി നിയമസംഹിതകളുടെ നിർമാണവും ഭരണപരിവർത്തനവും നടത്തുക എന്ന ജനാധിപത്യ രീതിക്ക് വിപരീതമായി ഭരണകൂട താത്പര്യങ്ങൾക്കനുസരിച്ച് സമൂഹത്തെ രൂപപ്പെടുത്തുക എന്നത് അടിസ്ഥാനപരമായി ഫാസിസ്റ്റ് ആശയമാണ്. ഇത്തരത്തിലുള്ള സാമൂഹ്യപരിവർത്തനങ്ങൾ, ഭരണകൂട താത്പര്യങ്ങൾക്ക് അനുസരിച്ചുള്ള സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ, മുസോളിനിയുടെ ഇറ്റലിയിലും ഹിറ്റ്ലറുടെ ജർമനിയിലും ഉടനീളം നടന്നിട്ടുള്ളതായി ഫാസിസത്തിന്റെ ആദ്യകാല ചരിത്രത്തിൽ നിന്നും മനസ്സിലാക്കാം. എന്നാൽ ആദ്യകാലത്തെ ശ്രമങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ന് സാങ്കേതികമായും സാമ്പത്തികമായും മികച്ച സാഹചര്യങ്ങൾ ഭരണകൂടത്തിനുള്ളതിനാൽ ഈ പരിഷ്കരണങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് ഫലപ്രാപ്തി കൂടുതലാണ്. സാമൂഹ്യബന്ധങ്ങളിൽ മാറ്റം വരുത്താനുതകുന്ന രീതിയിൽ, വളരെ സുക്ഷ്മമായി പ്രവർത്തിക്കുന്നതിന് വേണ്ടി നിത്യോപയോഗ സാമഗ്രികളുടെ രൂപകല്പനയിൽ പോലും നിതാന്ത ജാഗ്രത ഫാസിസത്തിനുണ്ട്.

ഉദാഹരണത്തിന് ശബ്ദത്തെ പുനരുത്പാദിപ്പിക്കുന്ന മ്യൂസിക് പ്ലെയറുകളുടെ കാര്യമെടുക്കാം. കാലങ്ങൾക്ക് മുമ്പ്, നമുക്കുണ്ടായിരുന്നത് ഗ്രാമഫോണുകളും കോളാമ്പി മൈക്കുകൾ എന്നറിയപ്പെടുന്ന ഉച്ചഭാഷിണികളുമാണ്. ഇവയുടെ രൂപകല്പന, ശബ്ദതരംഗങ്ങളെ പരമാവധി ദൂരെയുള്ള ആളുകളിലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിലായിരുന്നു. പിന്നീട് വന്ന Boxed Speakers ന് മുൻ ഉപകരണങ്ങളേക്കാൾ വളരെ ഭംഗിയായി ശബ്ദത്തെ പുനരുത്പാദിപ്പിക്കാനുള്ള കഴിവുകളുണ്ട്. എന്നാൽ ഇത് വ്യക്തമായ ശബ്ദവിന്യാസം ഒരു പരിമിതമായ സ്ഥലത്താണ് തരുന്നത്. പിൽക്കാലത്ത് ശബ്ദത്തെ ഏറ്റവും വ്യക്തവും മനോഹരവുമായി പുനരുത്പാദിപ്പിക്കുവാൻ കഴിവുള്ള headphone കളുടെ വികാസത്തോടെ ഒരാൾക്ക് മാത്രം ആസ്വദിക്കാൻ കഴിയുന്ന രീതിയിലേക്ക് ശബ്ദവിന്യാസത്തെ ചുരുക്കുകയാണ് ചെയ്തത്. (ശബ്ദത്തിന്റെ ഈ ഫാസിസ്റ്റ് രൂപകല്പനയിലേക്ക് വെളിച്ചം വീശിയതിന് സംഗീതജ്ഞൻ ജോഫി ചിറയത്തിന് നന്ദി.) ഇത് സംഗീതാസ്വാദനത്തിന്റെ സാമൂഹിക സങ്കല്പത്തെ സൂക്ഷ്മമായ തലത്തിൽ അഴിച്ചുപണിയുന്നുണ്ട്. സാധാരണ വീട്ടുപകരണങ്ങൾ മുതൽ ആധുനിക മൊബൈൽ ഫോണുകൾ വരെ ആയിരക്കണക്കിന് സാങ്കേതികവിദ്യാ നിർമിതികളിലൂടെ സമൂഹത്തിന്റെ ജനാധിപത്യ രീതികൾ ഫാസിസത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുണ്ട്.

ദേശീയതയാണ് ഫാസിസത്തിന്റെ ഏറ്റവും ശക്തമായ മറ്റൊരു ഉപകരണം. ദേശീയത ഒരു രോഗമാണ് എന്നു പറഞ്ഞ മഹാക

വി ടാഗോറിനെ ദേശീയ കവിയാക്കി ഇന്ത്യൻ ജനാധിപത്യത്തിനെ നിർമിതിയിൽ തന്നെ ഫാസിസ്റ്റ് വത്കരിച്ച ചരിത്രമാണ് നമുക്കുള്ളത്. ദേശസ്നേഹത്തിന്റെ പരിപാലനമാണ് ആയുധവാഴ്ചയിലേക്കുള്ള കുറുക്കുവഴി. രാജ്യത്തിന് പുറത്തുള്ള ഒരു ശത്രു എന്നനിലയിൽ നാം കഴിഞ്ഞ ആറര പതിറ്റാണ്ടിലേറെയായി പാകിസ്ഥാനെ നിലനിർത്തി പോരുന്നുണ്ട്. ഇതിന് നമ്മെ ഏറ്റവും കൂടുതൽ സഹായിച്ചിരിക്കുക, ഭാരത് മാതാ കീ ജയ് എന്ന, ഇന്ത്യ കണ്ടതിലേറ്റവും പ്രതിലോമകരമായ മുദ്രാവാക്യമാണ്. 90കളിൽ ഇന്ത്യയുടെ മിലിറ്ററി, പോലീസ് തുടങ്ങിയ മർദ്ദനോപാധികൾക്ക് വേണ്ടി ചിലവഴിക്കുന്ന തുക നാലുമടങ്ങാണ് വർദ്ധിപ്പിച്ചത്. ഇത് പാകിസ്ഥാൻ എന്ന ശത്രുവിനെ ചെറുക്കാനുള്ള സൈന്യത്തിന്റെ ശാക്തീകരണമായാണ് പൊതുസമൂഹത്തിൽ വിലയിരുത്തപ്പെടുക. എന്നാലിത്, സ്വന്തം ജനങ്ങൾ എവിടെയൊക്കെ പ്രതിഷേധിക്കുന്നുവോ അവിടെയെല്ലാം അവരെ അടിച്ചമർത്താനുള്ള ഉപാധിയായി, രാജ്യം മുഴുവൻ സൈന്യവിന്യാസം നടത്തുന്നതിനാണ് എന്ന് ഇന്ന് നമ്മൾ മനസ്സിലാക്കുന്നുണ്ട്.

ഇതിലുമേറെ അപകടകരമായത് ജനങ്ങളെ ആയുധീകരിക്കലാണ്. ഛത്തീസ്ഗഢിലെ സാൽവാജുദൂം എന്ന സംഘടനയുടെ കാര്യം തന്നെ എടുക്കാം. ബസ്തറിലേയും ദന്തേവാഡയിലേയും മാവോയിസ്റ്റുകളെ നേരിടാനായി, മഹേന്ദ്ര കർമ എന്ന കോൺഗ്രസ് എം.എൽ.എയുടെ നേതൃത്വത്തിലുള്ള സാൽവാജുദൂമിനെ ഭരണകൂടമാണ് 2005ൽ നിയോഗിക്കുന്നത്. ഈ സംഘടനയിലെ അംഗങ്ങൾക്ക് ആയുധപരിശീലനം നൽകിയതും ആയുധങ്ങൾ നൽകിയതും ഇന്ത്യൻ ഭരണകൂടമാണ്. 2008 ൽ ബസ്തർ മേഖലയിൽ 600 ഗ്രാമങ്ങളിൽ നിന്നായി, ആയുധ പരിശീലനം സിദ്ധിച്ച, സായുധരായ അമ്പതിനായിരത്തിലേറെ ആദിവാസികളാണ് 23 ക്യാമ്പുകളിലായി ഉണ്ടായിരുന്നത്. സംസ്ഥാന സർക്കാർ ഒരു സംഘം സ്പെഷ്യൽ പോലിസ് ഓഫീസർമാരെയും ഇവരുടെ സഹായത്തിനും തുടർ പരിശീലനത്തിനുമായി നിയോഗിച്ചിരുന്നു. ഇന്ത്യൻ ഭരണകൂടം ടാറ്റ, എസ്സാർ എന്നീ കോർപറേഷനുകളുമായി ബസ്തർ മേഖലയിലെ ഖനനവുമായി ബന്ധപ്പെട്ട എം.ഒ.യു കൾ ഒപ്പിട്ടത് 2005 ൽ തന്നെ ആയിരുന്നു എന്നത് ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. സാൽവാജുദൂം നടത്തിയ മനുഷ്യാവകാശ ലംഘനങ്ങളുടെ പേരിൽ സുപ്രീംകോടതി 2011 ജൂലൈ മാസത്തിൽ ഈ സംഘടനയുടെ പ്രവർത്തനം നിയമവിരുദ്ധമാണെന്ന് കണ്ടെത്തുകയും അതു പിരിച്ചുവിടണമെന്നും അവരുടെ കൈവശമുള്ള ആയുധങ്ങളും വെടിക്കോപ്പുകളും പിടിച്ചെടുക്കണമെന്നും നിർദ്ദേശിക്കുകയായിരുന്നു. എന്നാൽ, വർഷങ്ങൾക്കുശേഷം, 2015 ൽ ഇന്ത്യൻ പ്രധാനമന്ത്രി ബസ്തർ മേഖലയിൽ ഇരുപത്തിനാലായിരം കോടിരൂപയുടെ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെ, മഹേന്ദ്ര കർമയുടെ മകനും കോൺഗ്രസ് നേതാവുമായ ചാവിന്ദ്ര കർമയുടെ നേതൃത്വത്തിൽ സാൽവജുദൂം-2 എന്ന പേരിൽ ഈ സംഘടനയെ പുനരുജ്ജീവിപ്പിക്കുകയാണ്.

> ഇതിലുമേറെ അപകടകരമായത് ജനങ്ങളെ ആയുധീകരിക്കലാണ്. ഛത്തീസ്ഗഢിലെ സാൽവാജുദൂം എന്ന സംഘടനയുടെ കാര്യം തന്നെ എടുക്കാം. ബസ്തറിലേയും ദന്തേവാഡയിലേയും മാവോയിസ്റ്റുകളെ നേരിടാനായി, മഹേന്ദ്ര കർമ എന്ന കോൺഗ്രസ് എം.എൽ.എയുടെ നേതൃത്വത്തിലുള്ള സാൽവാജുദൂമിനെ ഭരണകൂടമാണ് 2005ൽ നിയോഗിക്കുന്നത്. സംഘടനയിലെ അംഗങ്ങൾക്ക് ആയുധപരിശീലനം നൽകിയതും ആയുധങ്ങൾ നൽകിയതും ഇന്ത്യൻ ഭരണകൂടമാണ്.

2015 മേയ് 25 ന് നിശ്ചയിച്ച സംഘടനയുടെ ഉദ്ഘാടന റാലി മറ്റൊരു ദിവസത്തേക്ക് മാറ്റി വച്ചെങ്കിലും ഇരുപത്തിനാലായിരം കോടി രൂപയുടെ നിക്ഷേപത്തെ സംരക്ഷിക്കാൻ ഇവരല്ലാതെ മറ്റാരാണുള്ളത്. സാൽവാജുദൂമിന് ടാറ്റയും എസ്സാറുമായിരുന്നു സാമ്പത്തിക സഹായം ചെയ്തിരുന്നതെങ്കിൽ, സാൽവാജുദൂം-2 ന് ഇനിയും വരാനിരിക്കുന്ന എത്രയോ കോർപറേഷനുകളായിരിക്കും സാമ്പത്തികസഹായം ചെയ്യുക.

ഹിറ്റ്ലറുടെ ജർമനിയിലെ നാസി ഭരണകൂടം ആയുധപരിശീലനം നൽകി സൃഷ്ടിച്ചെടുത്ത ഹിറ്റ്ലർ യൂത്ത് എന്ന സായുധ സംഘടനയുമായി, അംഗബലത്തിലൊഴികെ കാര്യമായ വ്യത്യാസങ്ങൾ സാൽവജുദൂമിനില്ല. ഈ പരിപ്രേഷ്യത്തിൽ തന്നെ വേണം നമ്മുടെ സ്കൂളുകളിൽ, 15 വയസ്സിന് താഴെയുള്ള കുട്ടികളെ പോലീസിംഗ് പഠിപ്പിക്കുന്ന,

സ്റ്റുഡന്റ് പോലിസ് കേഡറ്റ്സ് എന്ന നവീന സങ്കേതത്തേയും കാണേണ്ടത്. ഇങ്ങനെ രാജ്യത്തെ പൗരൻമാരെ പരസ്പരം നിരീക്ഷിക്കാനും ഭരണകൂടത്തിന്റെ ചാരക്കണ്ണുകളായി നിരന്തരം മാറ്റിത്തീർക്കാനും ശ്രമിക്കുന്നത് ഫാസിസ്റ്റ് ഭരണകൂടമാണ്. അതോടൊപ്പം മറ്റൊരാളുടെ സ്വകാര്യജീവിതത്തിലേക്ക് അവിരാമം തുറന്നുവച്ച മനസ്സുമായി ഓരോ പൗരന്മാരും ഫാസിസ്റ്റുകളായി പരിവർത്തനം ചെയ്യപ്പെടുകയുമാണ്. ഫാസിസ്റ്റ് മനസ്സുള്ള ഒരു തലമുറയെ ഉത്പാദിപ്പിക്കുന്ന ലബോറട്ടറികളായി നമ്മുടെ വിദ്യാലയങ്ങൾ മാറിക്കൊണ്ടിരിക്കുന്നുണ്ട്.

ദില്ലി സർവകലാശാലയിലെ ചരിത്രവിഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരുന്ന, എ.കെ. രാമാനുജൻ എഴുതിയ, Three hundred Ramayanas: five examples and three thoughts on translations എന്ന പുസ്തകം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട്, ആർ.എസ്.എസ് കുടക്കീഴിലുള്ള ശിക്ഷാ ബചാവോ ആന്ദോളൻ കമ്മിറ്റിക്ക് വേണ്ടി, ഡോ. ദിനനാഥ് ബത്ര ദില്ലി ഹൈകോടതിയിൽ പരാതി ഉന്നയിച്ചിരുന്നു. കോടതി നിയോഗിച്ച പരിശോധനാ കമ്മിറ്റി ഈ പ്രബന്ധത്തിൽ വിവാദജനകമായി ഒന്നുമില്ല എന്ന് കണ്ടെത്തിയിട്ടും സർവകലാശാലയുടെ അക്കാദമിക് കൗൺസിൽ പാഠ്യപദ്ധതിയിൽ നിന്ന് ഈ പ്രബന്ധം നീക്കം ചെയ്യുകയായിരുന്നു. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ നമ്മുടെ സർവകലാശാലകളിൽ നടക്കുന്നത് നമുക്കറിയാം. ഇവ സൂചിപ്പിക്കുന്നത്, ഉന്നത വിദ്യാഭ്യാസരംഗത്തെ, നമ്മുടെ പാഠ്യപദ്ധതികളെ എത്രമാത്രം ഫാസിസം ബാധിച്ചിരിക്കുന്നു എന്നതാണ്. പരാതി ഉയിച്ച ഡോ. ദിനനാഥ് ബത്രയുടെ ആറു പുസ്തകങ്ങൾ നിർബന്ധമായും കുട്ടികൾ പഠിക്കണമെന്ന് നിഷ്കർഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ സർക്കുലർ ഗുജറാത്തിലെ 42,000 സകൂളുകളിൽ എത്തിച്ചിരിക്കുന്നത് ഇന്ത്യൻ ഫാസിസം തന്നെ യാണ്.

ഇങ്ങനെ സൃഷ്ടിച്ചെടുക്കുന്ന മാനസികാടിമത്തത്തിൽ നിന്നാണ് കഴിഞ്ഞ രണ്ടുപതിറ്റാണ്ടിലേറെയായി ആഗോളമൂലധനം ഇന്ത്യയുടെ വിപണി വികസിപ്പിക്കുന്നത്. ഈ മാനസിക അടിമത്തം തന്നെയാണ് ഇന്ത്യയിലെ ജനങ്ങളുടെ പൊതുവിഭവങ്ങൾ കൊള്ളയടിക്കുന്നതിന് അവർക്ക് സഹായമേകുന്നത്.


ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല സ്റ്റുഡന്റ് പോലീസ് കേഡറ്റ്സുമായി സംസാരിക്കുന്നു

Emancipate yourself from mental slavery (മാനസികമായ അടിമത്തത്തിൽ നിന്ന് നിങ്ങളെ നിങ്ങൾ തന്നെ മോചിപ്പിക്കൂ) എന്ന് പാടിയത് ജമൈക്കൻ പാട്ടുകാരനായ ബോബ് മാർലി ആണ്. അടുത്ത കാലത്ത് കേരളത്തിന്റെ ചിലഭാഗങ്ങളിൽ ബോബ് മാർലിയുടെ ചിത്രങ്ങളുള്ള വസ്ത്രങ്ങളും അദ്ദേഹത്തിന്റെ 'ബോബ് മാർലി ആന്റ് ദ വെയിലേർസ്' എന്ന ബാൻഡിന്റെ ചിഹ്നമായി യുവാക്കൾ കൈകളിൽ ധരിച്ചിരുന്ന പച്ചയും മഞ്ഞയും നിറത്തിലുള്ള ബാൻഡ് തുടങ്ങിയവയും ധരിക്കുന്ന യുവതീയുവാക്കളെ കഞ്ചാവിന്റേയും മയക്കുമരുന്നിന്റേയും ഉപഭോക്താക്കൾ/കച്ചവടക്കാർ എന്ന രീതിയിൽ പോലീസ് വേട്ടയാടിയിരുന്നു. ഇതിനെ, മയക്കുമരുന്ന് ഉപയോഗം ഇല്ലായ്മ ചെയ്യാനുള്ള ഭരണകൂടത്തിന്റെ ആത്മാർത്ഥമായ ശ്രമമായാണ് കേരളത്തിലെ മാധ്യമങ്ങൾ പൊതുസമൂഹത്തിലേക്ക് അവതരിപ്പിച്ചത്. പ്രതിരോധത്തിന്റെ പാട്ടുകൾ പാടിയ മാർലിയെ (get up, stand up.. stand up for your rights, I shot the sherrif തുടങ്ങിയ പാട്ടുകൾ ഓർക്കാം) മയക്കുമരുന്ന് വ്യാപാരത്തിന്റെ പ്രതീകമായി ചിത്രീകരിക്കാൻ, അഥവാ മാറ്റിത്തീർക്കാൻ മാധ്യമങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യയിലെ മാധ്യമങ്ങളെ എല്ലാം തന്നെ നേരിട്ടോ അല്ലാതെയോ നിയന്ത്രിക്കുന്നത് സാമ്പത്തിക ഫാസിസമാണ് എന്നത് വ്യക്തമാണല്ലോ. കേരളത്തിലങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്ന നൂറിലേറെ ക്വാറി വിരുദ്ധ സമര

⇨ അവയ്ക്കെതിരെ ഫാസിസ്റ്റ് വിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെടാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ⇨

ങ്ങൾ, കല്യാൺ സാരീസ് തൊഴിലാളികളുടെ സമരം, മലബാർ ഗോൾഡ് സമരം തുടങ്ങി എത്രയോ അനുഭവങ്ങൾ നമുക്കുണ്ട്. റിലയൻസ് ഇൻഡസ്ട്രീസ് എന്ന ആഗോളഭീമൻ ഇന്ത്യയിലെ 27 മാധ്യമങ്ങളിൽ 95 ശതമാനം ഓഹരി വാങ്ങിയത് ഈ അടുത്ത കാലത്താണ് എന്നത് സാന്ദർഭികമായി ഓർക്കാം. പൊതുബോധം വളർത്തുക എന്നത് പ്രതിരോധത്തിന്റെ ചിഹ്നങ്ങളെ സമൂഹത്തിൽ നിന്ന് മാറ്റിക്കളയുക എന്ന സൂക്ഷ്മ പ്രക്രിയയുടെ ഭാഗമാണ്. അതോടൊപ്പം കഴിഞ്ഞ കുറേ വർഷങ്ങളായി പോലീസ് നടത്തുന്ന കഞ്ചാവ്-മയക്കുമരുന്ന് വേട്ട, വിദ്യാർത്ഥികളുടെയും യുവാക്കളുടെയുമിടയിൽ പോലീസ് സാന്നിദ്ധ്യം—ഭരണകൂട നിരീക്ഷണം—ഉറപ്പിക്കാനുള്ള ഒരു വഴിയും കൂടെയായി കാണാം.

ഇന്ത്യൻ ജനാധിപത്യം നേരിട്ട എല്ലാ വെല്ലുവിളികളേയും തികഞ്ഞ നിസംഗതയോടെ അഭിമുഖീകരിച്ച ഇന്ത്യയിലെ ഇടതുപക്ഷ(?) പ്രസ്ഥാനങ്ങളെല്ലാം തന്നെ ഇന്ത്യൻ ഫാസിസത്തിന് അടിപ്പെട്ടിട്ടുണ്ടെന്ന് മേൽവിവരിച്ച വസ്തുതകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. 90കൾ മുതൽ തന്നെ സാമ്പത്തിക ഫാസിസത്തിന് എതിരെയുള്ള സമഗ്രമായ പ്രക്ഷോഭങ്ങളെ ഇല്ലായ്മ ചെയ്യുക എന്ന ദൗത്യമാണ് ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. അതുകൊണ്ടാണ്, ഇന്ത്യയിൽ സാമ്പത്തിക ഫാസിസം എതൊരു പുതിയ ഭരണപരിഷ്കാരം നടത്തുമ്പോഴും അതിനെതിരെ നാമമാത്ര സമരങ്ങൾ പ്രഖ്യാപിച്ച് യഥാർത്ഥ പ്രതിഷേധങ്ങളെ ഇല്ലായ്മ ചെയ്യാൻ അവർ എല്ലായ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പാർട്ടിപ്രവർത്തകർക്ക് ശമ്പളം കൊടുത്ത് പൊതുപ്രവർത്തനം നടത്തുക എന്ന സാമ്പത്തിക ഫാസിസത്തിന്റെ നയം തന്നെ പ്രകടമായി സ്വീകരിക്കാനാണ് ഇന്ന് ഈ രാഷ്ട്രീയ പാർട്ടികൾ തീരുമാനിച്ചിട്ടുള്ളത്.

സമൂഹത്തിന്റെ സമസ്ത മേഖലകളിലും ഫാസിസം സൂക്ഷ്മമായ അഴിച്ചുപണികൾ നടത്തുന്നുണ്ട്. ഇവയെല്ലാം നമ്മുടെ സമൂഹത്തെ മാറ്റിപ്പണിയുന്നുമുണ്ട്. അനുനിമിഷം മൂല്യങ്ങളെ പുനർനിർവചിക്കാൻ നമ്മുടെ പൊതുബോധം നിർബന്ധിതമാണ്. ആത്മാർത്ഥമായ പ്രതിരോധപ്രവർത്തനങ്ങളെ പോലും ഈ പുനർനിർവചനങ്ങൾ ആഴത്തിൽ സൂക്ഷ്മമായി ബാധിക്കുന്നുണ്ട്. നമ്മുടെ പൊതുപ്രവർത്തകർ (ആക്ടിവിസ്റ്റുകൾ) ഫാസിസത്തിന്റെ ഈ അഴിച്ചുപണികളെ ഗൗനിച്ചിട്ടുണ്ടോ? അവരുടെ ലക്ഷ്യബോധങ്ങളെ ഈ അഴിച്ചുപണികൾ ബാധിച്ചിട്ടുണ്ടോ?

ഫാസിസം എന്നത്, വർഗീയമോ വംശീയമോ ആയ വെറുപ്പിൽ നിന്ന്, അത്തരം വിദ്വേഷങ്ങളിൽ നിന്ന് ഉടലെടുക്കുന്നതോ അവയെ പ്രതിനിധീകരിക്കുതോ ആണ് എന്ന ധാരണ നമ്മുടെ ആക്ടിവിസ്റ്റുകൾക്ക് ഉള്ളതായാണ് സമീപകാലത്തു നടന്ന പല സമരങ്ങളും പ്രതിഷേധങ്ങളും സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും ജീവനോപാധികൾക്ക് നേരെയുള്ള ഫാസിസത്തിന്റെ ബൃഹത്തായ ആക്രമണ പദ്ധതികളുടെ വഴിത്താരകളിൽ നിന്ന് നമ്മുടെ പ്രതിഷേധങ്ങളെ അകറ്റി നിർത്താൻ ഫാസിസത്തിന് കഴിയുന്നുണ്ടെന്ന് നാം മനസ്സിലാക്കുന്നുണ്ടോ? പ്രണയം പോലും കമ്പോളവത്കരിക്കപ്പെട്ട (ഫാസിസ്റ്റ്‌വത്കരിക്കപ്പെട്ട) ഇക്കാലത്ത്, രണ്ടു കമിതാക്കൾ ചുംബിക്കുന്നതിനെ മതതീവ്രവാദികൾ എതിർക്കുന്നത് ഫാസിസമാകുകയും അതിനെതിരെ മുന്നേറ്റങ്ങൾ സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. മറുവശത്ത് നരേന്ദ്രമോഡി സർക്കാർ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ നടത്തിയ, ഭൂമി ഏറ്റെടുക്കൽ നിയമവും തൊഴിൽ പരിരക്ഷകളെ അട്ടിമറിക്കുന്ന പുതിയ തൊഴിൽ നിയമവും അടക്കമുള്ള നിരവധി നിയമ നിർമാണങ്ങൾ ഫാസിസമാകാതിരിക്കുകയും അവയ്ക്കെതിരെ ഫാസിസ്റ്റ് വിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെടാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? ഫാസിസത്തിന്റെ സാമൂഹ്യ പരിവർത്തനത്തിന് (സോഷ്യൽ എൻജിനിയറിംഗ്) നമ്മൾ എത്ര മാത്രം വിധേയരായിട്ടുണ്ട് എന്ന് ഇനിയെങ്കിലും പരിശോധിക്കേണ്ടിയിരിക്കുന്നു. ■


Youth Dialogue Biennial Get Together
**SOCIALISM TODAY**
Payyanur
august 22•25 | 2015
Youth for Environment and Justice
Youth Dialogue

## സോഷ്യലിസം ഇന്ന്

പരിസ്ഥിതിയ്ക്കും നീതിയ്ക്കും മതേതര മാനവികതയ്ക്കും വേണ്ടി പ്രവർത്തിക്കുന്ന യുവജന കൂട്ടായ്മയായ യൂത്ത് ഡയലോഗിന്റെ രണ്ടാമത് സംസ്ഥാനതല സംഗമം.

**2015 ആഗസ്റ്റ് 22 മുതൽ 25 വരെ പയ്യന്നൂരിൽ വച്ച്.**

**സോഷ്യലിസം ഇന്ന്** എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിഭാവനം ചെയ്യുന്ന കൂടിച്ചേരൽ.

ബന്ധങ്ങൾക്ക്:

സന്തോഷ് (കൺവീനർ) – 9048159590